(സി) നഗരസഭ അന്വേഷണം നടത്തി നടപടികൾ പൂർത്തിയാക്കിവരുന്നു.

(ഡി) പുതുതായി ലഭിച്ച അപേക്ഷകരിൽനിന്നും 3790 പേർക്ക് വേതനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) തീരുമാനം കൈക്കൊള്ളാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) നിലവിലുള്ള ജീവനക്കാരെക്കൊണ്ടുതന്നെ പ്രസ്തുത ജോലി നിർവ്വഹിപ്പിക്കുന്നതാണ്.

371 (1564) ഏത്തവാഴക്കൃഷി

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണം ആരംഭിച്ചശേഷം ഓരോ വർഷവും എത്ര ഏക്കർ സ്ഥലത്ത് പ്രസ്തുത പദ്ധതിയനുസരിച്ചുള്ള ഏത്തവാഴക്കൃഷി നടത്തിയിട്ടുണ്ട്;

(ബി) ഓരോ വർഷവും ഒട്ടാകെ എത്ര വാഴക്കുലകൾ ഉൽപ്പാദിപ്പിച്ചു; ഇവയ്ക്ക് എന്തു വിലവരും;

(സി) ഇതിൽനിന്നും എന്തു തുകയ്ക്കുള്ള ഏത്തക്കുലകൾ ഹരിത സംഭരിച്ചു;

(ഡി) ഏതൊക്കെ താലൂക്കുകളിൽനിന്നാണ് ഏറ്റവും കൂടുതൽ ഏത്തക്കുലകൾ ഹരിത സംഭരിച്ചതെന്നും അതിന് എന്തു വില ലഭിച്ചുവെന്നും കാണിക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

372 (1565) ടൈപ്പിസ്റ്റിനെ സസ്പെന്റ് ചെയ്ത നടപടി

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടുക്കി ജില്ലാപഞ്ചായത്ത് പി.ഡബ്ല്യൂ.ഡി. ഡിവിഷനിലെ എൽ.ഡി ടൈപ്പിസ്റ്റ് ശ്രീ. കെ.എ. റഹീമിനെ 1998 ഡിസംബർ 8-ന് സസ്പെന്റ് ചെയ്യുവാനുള്ള കാരണം വിശദീകരിക്കുമോ?

ഉത്തരം

ശ്രീ. റഹീം മൂവാറ്റുപുഴ സബ്ജയിലിൽ വാർഡനായി ജോലി നോക്കിയിരുന്ന സമയത്ത് നടത്തിയതായി ആരോപിക്കപ്പെട്ടിരുന്ന അഴിമതികൾ സംബന്ധിച്ച് വിജിലൻസ്, അഴിമതി നിരോധനവകുപ്പ് നടത്തിയ അന്വേഷണത്തെത്തുടർന്ന് ടിയാൻ കുറ്റവാളിയാണെന്ന് തെളിഞ്ഞതിനാലാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly